പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2538 — 18.06.2014 ന് മറുപടിയ്ക്ക്

## അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചവറയിൽ രൂപീകരിക്കുന്നതിനുള്ള പ്രവർത്തന നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) പ്രസ്തുത സ്ഥാപനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുന്നത് ; | (ബി) കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയും, പ്രൊഫഷണലുകളെയും സൃഷ്ടിക്കാനാണ് കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) ലക്ഷ്യമിടുന്നത്. |
| (സി) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;വിശദമാക്കുമോ ; | (സി) ആധുനിക മേഖലകളിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായ രീതിയിൽ തീവ്രപരിശീലനം നൽകി നിർമ്മാണ മേഖലയിൽ അതിവിദഗ്ധരായ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകാനാണ് പ്രസ്തുത സ്ഥാപനം ഉദ്ദേശിക്കുന്നത്. |
| (ഡി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) കാർപ്പെന്ററി, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ തുടങ്ങിയ നിർമ്മാണ മേഖലയിൽ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി വിവിധ കോഴ്സുകൾ നൽകി അന്താരാഷ്ട്ര നിലവാരത്തിൽ തൊഴിൽ നേടാൻ യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. |

സെക്ഷൻ ഓഫീസർ